**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5249** **02-11-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയത്തിന്റെ ബലക്ഷയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണം ഏത് കമ്പനിയാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് മാവൂർ റോഡിലെ കെ.എസ്.ആർ.ടി.സി. വാണിജ്യ സമുച്ചയം നിർമ്മിച്ചത് കെ.വി. ജോസഫ് & സൺസ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനമാണ്. |
| (ബി) | പ്രസ്തുത കെട്ടിടത്തിന് കാര്യമായ ബലക്ഷയം ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ നിയമനടപടിയുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) | ബലക്ഷയം കാണുകയും നിയമനടപടികളുമായി മുന്നോട്ട് പോകാൻ തീരുമാനിയ്ക്കുകയും ചെയ്തു. ഐ.ഐ.ടി. മദ്രാസിന്റെ കൈയിൽ നിന്നും പ്രതീക്ഷിക്കുന്ന തിരുത്തൽ / ശക്തിപ്പെടുത്തൽ വർക്കിന്റെ ബി.ഒ.ക്യൂ-വും അന്തിമ റിപ്പോർട്ടും ലഭിക്കുന്ന മുറയ്ക്ക് എത്ര തുകയാകും എന്നുള്ളത് അറിഞ്ഞിട്ട് നിയമനടപടികൾ തുടങ്ങുന്നതാണ്. |
| (സി) | പ്രസ്തുത കെട്ടിടത്തിന്റെ ബലക്ഷയം തീർക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്നും എത്ര കോടി രൂപ ഇതിനായി ചെലവഴിക്കേണ്ടിവരുമെന്നും കണക്കാക്കിയിട്ടുണ്ടോ; | (സി) | ഐ.ഐ.ടി. മദ്രാസിൽ നിന്നും ലഭിക്കുന്ന അന്തിമ റിപ്പോർട്ടും ബി.ഒ.ക്യൂ-വും ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ബലക്ഷയം തീർക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യേണ്ടതെന്നും എത്ര കോടി രൂപ ചെലവഴിക്കേണ്ടി വരുമെന്നും അറിയാൻ കഴിയുകയുള്ളൂ. |
| (ഡി) | പ്രസ്തുത തുക വാണിജ്യ സമുച്ചയം പണിത കമ്പനിയിൽ നിന്നും ഈടാക്കാൻ ഈ കമ്പനിയുമായുള്ള കരാറിൽ വ്യവസ്ഥ ചെയ്തിരുന്നോ; എങ്കിൽ ഈ തുക പ്രസ്തുത കമ്പനിയിൽ നിന്നും ഈടാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത വാണിജ്യ സമുച്ചയം നിർമ്മിച്ച കമ്പനിയുടെ ഡിഫക്ട് ലയബിലിറ്റി പിരിയഡ് തീർന്നു. Madras IIT reportന്റെ അടിസ്ഥാനത്തിൽ നിർമ്മാണത്തിലെ വിഴ്ച മൂലം ഉണ്ടായിട്ടുള്ള നഷ്ടം നിയമ നടപടികൾ മൂലം നികത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ